പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 16

01.12.2014-ൽ മറുപടിക്ക്.

# ജനസൗഹൃദ പോലീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനങ്ങളുടെ സംരക്ഷകരാകേണ്ട പോലീസ് സേന ജനമർദ്ദകരും പീഡകരുമായി മാറിക്കൊണ്ടിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (എ) അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനസേവകരായി തന്നെയാണ് പോലീസ് സേന പ്രവർത്തിയ്ക്കുന്നത്. അക്രമം നടക്കുന്ന അവസരങ്ങളിൽ പോലീസിന് ഏറ്റവും മിനിമം ബലം പ്രയോഗിക്കേണ്ട സാഹചര്യം അപൂർവ്വമായി ഉണ്ടാകാറുണ്ട്. |
| (ബി) ജനങ്ങളെ മർദ്ദിക്കാനും കള്ളക്കേസുകളിൽ കുടുക്കാനും അവകാശമുള്ളവരാണ് തങ്ങളെന്ന പോലീസ് സേനയിലുള്ളവരുടെതായി ആക്ഷേപിക്കപ്പെട്ട മനോഭാവം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | : (ബി) പോലീസ് സേനയിലുള്ളവർക്ക് ഇത്തരമൊരു മനോഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനങ്ങളോട് മാന്യമായി പെരുമാറുന്നതിനും നിയമപരമായി കാര്യങ്ങൾ ചെയ്യുന്നതിനും, കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും അവ പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിച്ചു വരുന്നുമുണ്ട്. മറിച്ചുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (സി) സമരത്തിലേർപ്പെടുന്ന പൊതുപ്രവർത്തകരുടെ നേർക്കു നടക്കുന്നതായി ആക്ഷേപിക്കുന്ന മർദ്ദനമുറകൾ അവസാനിപ്പിക്കാമോ; ഇതിൽ ഗുരുതരമായി പരുക്ക് ഏൽക്കുന്നവരുടെ പേരുവിവരങ്ങൾ ശേഖരിക്കാറുണ്ടോ; | : (സി) സമരത്തിൽ ഏർപ്പെടുന്നവർ പൊതുമുതൽ നശിപ്പിക്കുകയോ, അക്രമാസക്തമാവുകയോ ചെയ്യുകയാണെങ്കിൽ അവരെ ആയതിൽ നിന്നും പിന്തിരിപ്പിക്കാൻ വേണ്ടി മാത്രമേ വളരെ ചെറിയ തോതിലുള്ള ബലപ്രയോഗം നടത്താറുള്ളൂ. സമാധാനപരമായി സമരത്തിലേർപ്പെടുന്ന പൊതുപ്രവർത്തകർക്ക് നേരെ മർദ്ദന മുറകൾ സ്വീകരിക്കാറില്ല. എന്നാൽ അക്രമാസക്തമാകുവിധം പൊതുജനങ്ങൾക്കും, പൊതുമുതലിനും നാശം സംഭവിക്കത്തക്കവിധം പ്രവർത്തിക്കുന്ന സമരക്കാരെ നിയന്ത്രിക്കുന്നതിനുവേണ്ടി മിനിമം ബലപ്രയോഗം നടത്തി |

പിരിച്ചുവിടുകയാണ് പോലീസ് ചെയ്തുപോരുന്നത്. സമരത്തിന്റെ പേരിൽ അക്രമം നടക്കുമ്പോൾ മാത്രമേ നിയമാനുസരണം പോലീസ് ഇടപെടാറുള്ളൂ. ഗുരുതരമായി പരുക്ക് ഏൽക്കുന്നവരുടെ പേരു വിവരങ്ങൾ ശേഖരിക്കാറുണ്ട്.

(ഡി) ജനങ്ങളോട് മാന്യമായി സംസാരിക്കുന്നതിനും പെരുമാറുന്നതിനും പോലീസിനു പരിശീലനം നല്കാനും പോലീസ് സേനയെ ജനസൗഹൃദസേനയാക്കി മാറ്റാനും നടപടി സ്വീകരിക്കുമോ?

: (ഡി) പോലീസ് മാന്യമായി തന്നെയാണ് ഇടപെടുന്നത്. ജനങ്ങളോട് മാന്യമായി സംസാരിക്കുന്നതിനും പെരുമാറുന്നതിനും പോലീസിനു പരിശീലനം നൽകുന്നതിന്റെ ഭാഗമായി എസ്.ഐ മാർക്കുള്ള പുതുക്കിയ സിലബസിൽ കമ്മ്യൂണിറ്റി പോലീസിംഗ് സോഫ്റ്റ് സ്കിൽ ഡെവലപ്പ്മെന്റ്, ബിഹേവിയറർ ചെയ്ഞ്ചസ് ഇൻ പോലീസ് വർക്ക് തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊളളിച്ചിട്ടുണ്ട്. കൂടാതെ ജനമൈത്രി ട്രെയിനിംഗ് സോഫ്റ്റ് സ്കിൽ ഡെവലപ്പമെന്റ് തുടങ്ങിയ വിഷയങ്ങളിൽ പൊലീസുകാർക്കായി ഇൻസർവ്വീസ് കോഴ്സുകളും കേരളാ പോലീസ് അക്കാഡമിയിൽ നടത്തി വരുന്നുണ്ട്. ജനങ്ങളോട് മാന്യമായി സംസാരിക്കുവാനും, പെരുമാറുവാനും പോലീസുകാർക്ക് നിർദ്ദേശം നൽകികൊണ്ട് 10.09.2014 ൽ സംസ്ഥാന പോലീസ് മേധാവി നമ്പർ 6/14 ആയി സർക്കുലർ നൽകിയിട്ടുണ്ട്. ജനങ്ങളും പോലീസും തമ്മിലുള്ള സൗഹൃദം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന പോലീസ് സേനയിൽ ജനമൈത്രീ പോലീസ്, സ്റ്റുറ്റഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി, വനിതാ ഹെൽപ്പ് ലൈൻ, സിറ്റിസൺ ഹെൽപ്പ് ഡെസ്ക് തുടങ്ങിയ സംവിധാനങ്ങൾ പ്രവർത്തിച്ചു വരുന്നു. ജനമൈത്രി സംവിധാനം പോലീസ് സേനയെ ജന സൗഹൃദ സേനയാക്കി മാറ്റുന്നതിന് വളരെയധികം സഹായിക്കുന്നുണ്ട്. മോശമായി പെരുമാറുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ